**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3600** **15-02-2024 - ൽ മറുപടിയ്ക്ക്**

**ആറ്റിങ്ങൽ കലാപവുമായി ബന്ധപ്പെട്ട തെളിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | ആറ്റിങ്ങൽ കലാപവുമായി ബന്ധപ്പെട്ട എന്തെല്ലാം പുരാവസ്തു-പുരാരേഖ തെളിവുകളാണ് നിലവിൽ വകുപ്പിന്റെ പക്കലുള്ളത്; ഇവ പൊതുജനങ്ങൾ അറിയുന്നതിനും മനസ്സിലാക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ? | (എ) | ആറ്റിങ്ങൽ കലാപവുമായി ബന്ധപ്പെട്ട അഞ്ചുതെങ്ങ് കോട്ട കേന്ദ്ര പുരാവസ്തു വകുപ്പ് ഒരു സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച് പരിപാലിക്കുകയും സന്ദർശകർക്ക് പ്രവേശന സൗകര്യം ഒരുക്കിയിട്ടുള്ളതുമാണ്. ആറ്റിങ്ങൽ റാണിമാരുടെ ആസ്ഥാനമായിരുന്ന ആറ്റിങ്ങൽ കൊട്ടാരം കേരള പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുകയും സ്മാരകത്തിന്റെ സമഗ്ര സംരക്ഷണ പ്രവൃത്തികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുള്ളതാണ്. ആറ്റിങ്ങൽ കൊട്ടാരത്തിൽ പഠനാവശ്യാർത്ഥം, പഠിതാക്കൾക്കും ഗവേഷകർക്കും പ്രവേശന അനുമതി നൽകിവരുന്നുണ്ട്. കലാപവുമായി ബന്ധപ്പെട്ട വസ്തുക്കളൊന്നും തന്നെ പുരാവസ്തു വകുപ്പിന്റെ പക്കൽ സൂക്ഷിക്കുന്നില്ല.<br><br>ആറ്റിങ്ങൽ കലാപവുമായി ബന്ധപ്പെട്ട് പുരാരേഖാ തെളിവുകളൊന്നും പുരാരേഖ വകുപ്പിന് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ